പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :542 — 03.03. 2020 ൽ മറുപടിക്ക്

## ഉപഭോക്താക്കളിൽ നിന്നും സർചാർജ് ഈടാക്കുന്ന നടപടി

ചോദ്യം

ശ്രീ. പി.സി.ജോർജ്ജ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിന്റെ നഷ്ടം നികത്തുന്നതിലേക്കായി ഗാർഹിക ഉപഭോക്താക്കളിൽ നിന്നും സർചാർജ് ഈടാക്കുന്ന തിന് വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കു മോ; | (എ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 14.02.2020-ലെ ഉത്തരവുപ്രകാരം, 15.02.2020 മുതൽ സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളിൽ നിന്നും യൂണിറ്റൊന്നിന് 10 പൈസ നിരക്കിൽ ഫ്യൂവൽ സർചാർജ് ഈടാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.ഇത്, സംസ്ഥാനത്തെ ഇതര വിതരണ ലൈസൻസികളുടെ ഉപഭോക്താക്കൾക്കും ബാധകമാണ്. എന്നാൽ ദരിദ്ര വിഭാഗത്തിൽ ഉൾപ്പെടുന്നവരും, 500 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ളതും, പ്രതിമാസം 20 യൂണിറ്റിൽ കവിയാതെ ഉപഭോഗമുള്ളതുമായ ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർചാർജ്ജിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.15.02.2020 മുതൽ, മൂന്നുമാസക്കാലയളവിലേക്കുള്ള ഉപഭോഗത്തിനാണ് ഇന്ധന സർചാർജ് ഈടാക്കുന്നത്.<br><br>വൈദ്യുതി നിയമം - 2003-ലെ 62 (4) പ്രകാരവും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വിജ്ഞാപനം ചെയ്തു പുറപ്പെടുവിച്ചിട്ടുള്ള 2018-ലെ താരിഫ് നിർണ്ണയ ചട്ടങ്ങളിലെ 84-ാം ഖണ്ഡിക പ്രകാരവുമാണ് ഇന്ധന സർചാർജ്ജ് ഈടാക്കാനുള്ള അനുമതി റെഗുലേറ്ററി കമ്മീഷൻ നൽകുന്നത്. മേൽ സൂചിപ്പിച്ച ചട്ടപ്രകാരം, വിതരണ ലൈസൻസി ഓരോ പാദവർഷത്തിലും അതിന്റെ തനതു ഇന്ധന നിലയങ്ങളിലെ വൈദ്യുതോൽപാദനത്തിനാവശ്യമായ ഇന്ധനത്തിന്റെ യഥാർത്ഥ വിലയും, റെഗുലേറ്ററി കമ്മീഷൻ ARR & ERC ഉത്തരവിലൂടെ അംഗീകരിച്ച ഇന്ധന വിലയും തമ്മിലുള്ള വ്യത്യാസവും, വൈദ്യുതിയുടെ യഥാർത്ഥ വാങ്ങൽ വിലയും, ARR & ERC ഉത്തരവിലൂടെ കമ്മീഷൻ അംഗീകരിച്ച വൈദ്യുതിയുടെ വാങ്ങൽ വിലയും (Power Purchase Cost) തമ്മിലുള്ള വ്യത്യാസവും കമ്മീഷനെ 30 ദിവസത്തിനുള്ളിൽ അറിയിക്കേണ്ടതായിട്ടുണ്ട്. ഇപ്രകാരം വൈദ്യുതി വാങ്ങൽ ചെലവിൽ ഉണ്ടാകുന്ന അധിക ബാധ്യതയും/ ഇന്ധന വിലയിലുണ്ടാകുന്ന അധിക ബാധ്യതയും ഇന്ധന സർചാർജ്ജിന്റെ രൂപത്തിൽ ഈടാക്കി തരണമെന്നും, വൈദ്യുതി വാങ്ങൽ ചെലവിൽ/ഇന്ധന വിലയിൽ കുറവുണ്ടായാൽ ആയത് താരിഫിൽ ഇളവായി അനുവദിക്കണമെന്നും 84-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>ഇപ്രകാരം 2019 ഏപ്രിൽ - ജൂൺ മാസങ്ങളിൽ വൈദ്യുതി വാങ്ങൽ ചെലവിൽ, കമ്മീഷൻ അംഗീകരിച്ച തുകയേക്കാൾ 72 -75 കോടി രൂപ അധിക ബാധ്യതയുണ്ടായതിനാൽ ആയത് യൂണിറ്റൊന്നിന് 13 പൈസ നിരക്കിൽ ഇന്ധന സർചാർജ്ജായി ഈടാക്കി തരണമെന്ന് കമ്മീഷനോട് |

| | |
|---|---|
| | ആവശ്യപ്പെടുകയും എന്നാൽ റെഗുലേറ്ററി കമ്മീഷൻ ടി അധിക ബാധ്യതയിൽ 62.20 കോടി രൂപ മാത്രം അംഗീകരിക്കുകയും, യൂണിറ്റൊന്നിന് 10 പൈസ നിരക്കിൽ ഇന്ധന സർചാർജ്ജായി ഈടാക്കാൻ അനുമതി നൽകുകയും ചെയ്തു. |
| (ബി) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതിനും വൻകിട ഉപഭോക്താക്കളുടെ വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും പകരം കൃത്യമായി വൈദ്യുതി ചാർജ് അടച്ചുവരുന്ന ഗാർഹിക ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്ന നടപടി പുന:പരിശോധി-ക്കുമോ? | (ബി) വിതരണ ലൈസൻസിക്ക് വൈദ്യുതി വാങ്ങൽ ചിലവിലുണ്ടായ അധിക ബാധ്യത നികത്തുന്നതിന്, റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടു കൂടിയാണ് ഇന്ധന സർചാർജ്ജ് ഈടാക്കി വരുന്നത്. സംസ്ഥാനത്തെ വൈദ്യുതി ഉപയോഗത്തിലുള്ള കുറവിനും കുടിശ്ശിക പിരിച്ചെടുക്കലിനും ഇന്ധന സർചാർജ്ജുമായി ബന്ധമില്ല.വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള കൃത്യമായ നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ വൈദ്യുതി ഉപയോഗം കുറച്ച് ഉപഭോക്താക്കൾക്ക് തങ്ങൾക്കുണ്ടാകുന്ന അധിക ബാധ്യത കുറയ്ക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ